# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.26/PR/PIC/PHQ/17 Date : 10.02.2017

## പുതിയ എട്ടു തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് 232 തസ്തികകൾ അനുവദിച്ചു

കേന്ദ്ര സർക്കാരിന്റെ തീരദേശ സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കുകയും പ്രവർത്തനസജ്ജമാക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചതുമായ എട്ട് തീരദേശ സ്റ്റേഷനുകളിൽ 232 പുതിയ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായി. കുമ്പള (കാസർഗോഡ്), തൃക്കരിപ്പൂർ (കാസർഗോഡ്), അർത്തുങ്കൽ (ആലപ്പുഴ), തലശ്ശേരി (കണ്ണൂർ), പൊന്നാനി (മലപ്പുറം), വടകര (കോഴിക്കോട്), മുനയ്ക്കാക്കടവ് (തൃശൂർ), പൂവാർ (തിരുവനന്തപുരം) എന്നിവിടങ്ങളിലാണ് പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമാകുന്നത്.

തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും സർക്കിൾ ഇൻസ്പെക്ടർ-1, സബ് ഇൻസ്പെക്ടർ-2, എ.എസ്.ഐ/സീനിയർ സിവിൽ പോലീസ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ-25, ഡ്രൈവർ-1 എന്നീ ക്രമത്തിൽ മൊത്തം 29 തസ്തികകൾ വീതമാണ് സൃഷ്ടിച്ചത്. ഈ സ്റ്റേഷനുകളിൽ ഓരോന്നിലും പ്രതിമാസം 6,000 രൂപ വേതനത്തിൽ ഒരു കാഷ്വൽ സ്വീപ്പറെ നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഓരോ പോലീസ് സ്റ്റേഷനിലും യഥാർത്ഥ ആവശ്യത്തിനനുസരിച്ച് ബോട്ടുകൾ വാടകയ്ക്ക് എടുക്കാനുള്ള അനുമതിയും ഇതോടൊപ്പം നൽകിയിട്ടുണ്ട്.

കൂടാതെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിനാവശ്യമായ ബോട്ടുകൾ വാങ്ങിയതിനുശേഷം സാങ്കേതിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കണമെന്ന് സർക്കാർ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ സ്റ്റേഷനുകളുടെ പ്രവർത്തനം കഴിയുന്നതും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

********